(ഇ) ഉൽപാദനത്തിന്റെ അടിസ്ഥാനത്തിലാണ് അധിക ചാർജ്ജ് കണക്കാക്കുന്നത്. അതിനാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. അനൗദ്യോഗിക കണക്കുകളനുസരിച്ച് ചില വ്യവസായ സ്ഥാപനങ്ങൾക്ക് പതിനാറുകോടി രൂപ വരെ അധികചെലവു നേരിടേണ്ടി വരുമെന്ന് കരുതുന്നു.

24 (1250) വൈദ്യുതി ഉൽപാദന വർദ്ധനവുമൂലം പുതിയ വ്യവസായങ്ങൾ

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള വൈദ്യുതി ഉൽപാദന വർദ്ധനവ് വ്യവസായ മേഖലയ്ക്ക് എത്രമാത്രം ഗുണപ്രദമായിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(ബി) വൈദ്യുതിയുടെ ലഭ്യത മനസ്സിലാക്കി സംസ്ഥാനത്തേയ്ക്ക് പുതിയ വ്യവസായ സംരംഭങ്ങൾ വന്നിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) പവർകട്ട് പിൻവലിച്ചു. ദൗർലഭ്യം അനുഭവപ്പെട്ടിരുന്ന മലബാറിലും കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിലും കൂടുതൽ വൈദ്യുതി ലഭിക്കുവാൻ ഇടയായി. വടക്കൻ മേഖലകളിലാരംഭിക്കുന്ന വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ എന്നിവയ്ക്ക് ഗുണനിലവാരമുള്ള വൈദ്യുതി താമസംവിനാ ലഭ്യമാക്കാനും സാധിക്കും.

(ബി) കെ.എസ്.ഐ.ഡി.സി. യുമായി ചേർന്ന് വ്യവസായമാരംഭിക്കുവാനായി പ്രത്യേകിച്ച് ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി രംഗങ്ങളിലും കേരളത്തിന്റെ വടക്കുഭാഗങ്ങളിലും അനേകം വ്യവസായ സംരംഭകർ താത്പര്യം കാട്ടിയിട്ടുണ്ട്. കൂടാതെ കണ്ണൂർ,കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും പുതിയ സംരംഭങ്ങൾ വരുന്നുണ്ട്.

25 (1251) മൊബൈൽ ഫോൺ ഉപയോഗിക്കുന്ന എം.ഡി.മാർ

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാസ്ഥാപനങ്ങളിൽ എം.ഡി.മാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ട്.

(ബി) ഈ ഇനത്തിൽ ഓരോരുത്തരും പ്രതിമാസം എന്തു തുക ചിലവഴിക്കുന്നു;

(സി) മൊബൈൽ ഫോൺ ഉപയോഗം തുടങ്ങിയശേഷം ടെലിഫോൺ ചാർജ്ജ് ഇനത്തിൽ കുറവു വന്നിട്ടുണ്ടോ, അതോ കൂടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly